**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.697 11.06.2014-ൽ മറുപടിക്ക്**

**ചികിത്സാപിഴവ് വരുത്തിയ ഡോക്ടർമാർക്കെതിരെ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. എസ്. സലീഖ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ചികിത്സാ പിഴവുമൂലം മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) <u>മരണപ്പെട്ടവർ</u> - 6 (ആറ്)<br>തിരുവനന്തപുരം - 1<br>കൊല്ലം - 3<br>എറണാകുളം - 1<br>കണ്ണൂർ - 1<br><u>അംഗവൈകല്യ സംഭവിച്ചവർ</u><br>(തൃശ്ശൂർ) - 5 (അഞ്ച്) |
| (ബി) ചികിത്സാപിഴവിന്റെ പേരിൽ എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) അഞ്ച് ഡോക്ടർമാർക്കെതിരെ<br>1. ഡോ.സുജ അഗസ്റ്റിൻ<br>2. ഡോ.വിനോദ് ചെറിയാൻ (ജി.എച്ച്.നെയ്യാറ്റിൻകര)<br>3. ഡോ.പൂർണ്ണിമ പ്രഭ ( ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ)<br>4. ഡോ.പ്രദീപ് കുമാർ (താലൂക്ക് ആശുപത്രി, കുന്നംകുളം)<br>5. ഡോ.താസിൻ.ജെ.റസൂൽ (ജനറൽ ആശുപത്രി, മൂവാറ്റുപുഴ) |
| (സി) ചികിത്സാ പിഴവിന്റെ പേരിൽ കോടതികൾ എത്ര ഡോക്ടർമാരെ കുറ്റക്കാരെന്ന് കണ്ടെത്തി; അവർ ആരെല്ലാം; | (സി) ഡോക്ടർമാരെ ആരെയും കുറ്റക്കാരെന്ന് കോടതികൾ കണ്ടെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ചികിത്സാ പിഴവുമൂലം മരണം അംഗവൈകല്യം എന്നിവയ്ക്ക് സ്വകാര്യ ആശുപത്രികളിൽ വിധേയരായവർ എത്ര; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വ്യക്തമാക്കുമോ; | (ഡി) സ്വകാര്യ ആശുപത്രികളെ സംബന്ധിക്കുന്ന വിവരങ്ങൾ സർക്കാരിൽ സൂക്ഷിച്ചിട്ടില്ല. |

(ഇ) സർക്കാർ ആശുപത്രികളിൽ ഓപ്പറേഷൻ ചെയ്യേണ്ടുന്ന സ്ഥലംമാറ്റി മറ്റു സ്ഥലങ്ങളിൽ ഓപ്പറേഷൻ നടത്തിയ എത്ര ഡോക്ടർമാരുണ്ട്; അവർ ആരെല്ലാം; ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം സംഭവങ്ങൾ നടന്നത്; എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഒരാൾ മാത്രം ഇത്തരം കേസിൽ ഉൾപ്പെട്ടിട്ടുണ്ട്. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് (സർജറി) ഡോ.താസിൻ.ജെ.റസൂലിന്റെ പേരിലാണ് ആരോപണം ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തെ അച്ചടക്ക നടപടിക്കു വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(എഫ്) ചികിത്സാ പിഴവുമൂലം മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ, സ്ഥലംമാറ്റി മറ്റ് സ്ഥലങ്ങൾ ഓപ്പറേഷൻ നടത്തപ്പെട്ടവർ എന്നിവരുടെ കുടുംബങ്ങൾക്കു എന്തൊക്കെ ധനസഹായം നാളിതുവരെ അനുവദിച്ചു; വ്യക്തമാക്കുമോ?

(എഫ്) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ചികിത്സാപിഴവുമൂലം മരണമടഞ്ഞ രോഗിയുടെ അവകാശികൾക്ക് ഒരു ലക്ഷം രൂപയും, കൊല്ലം ജില്ലയിലെ അഞ്ചൽ സി.എച്ച്.സിയിൽ ചികിത്സാ പിഴവുമൂലം മരണമടഞ്ഞ രോഗിയുടെ അവകാശികൾക്ക് മൂന്ന് ലക്ഷം രൂപയും, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ തിമിരശസ്ത്രക്രീയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17 ലക്ഷം രൂപയും (5 പേർക്ക് 3 ലക്ഷം രൂപ വീതവും 2 പേർക്ക് 1 ലക്ഷം രൂപ വീതവും) ധനസഹായമായി നൽകിയിട്ടുണ്ട്.

Sobhy

സെക്ഷൻ ഓഫീസർ